## പതിമൂന്നാം കേരള നിയമസഭ
## പതിന്നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2606 — 09.07.2015-ൽ മറുപടിയ്ക്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.കെ.ബാലൻ | ശ്രീ.അനൂപ് ജേക്കബ്<br>ഭക്ഷ്യവും, പൊതുവിതരണവും,<br>ഉപഭോക്തൃസംരക്ഷണവും<br>രജിസ്ട്രേഷനും വകുപ്പുമന്ത്രി |

### വിരമിച്ച ഉദ്യോഗസ്ഥരുടെ നിയമനം

| | | | |
|---|---|---|---|
| (എ) | സിവിൽ സപ്ലൈസ് വകുപ്പിൽ നിന്നും വിരമിച്ച ഉദ്യോഗസ്ഥരെ വകുപ്പിന്റെ കീഴിലുള്ള ഏതെങ്കിലും സ്ഥാപനത്തിലോ പദ്ധതിയിലോ നിയമിച്ചിട്ടുണ്ടോ; | (എ) | നിയമിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ അപ്രകാരം നിയമിച്ച ഉദ്യോഗസ്ഥരുടെ പേരും അവർ വഹിച്ചിരുന്ന തസ്തികയും നിയമനം നൽകിയ തസ്തികയും ശമ്പളവും വിശദമാക്കുമോ; | (ബി) | ഉദ്യോഗസ്ഥന്റെ പേര് : ശ്രീ. കെ. രാധാകൃഷ്ണൻ<br>വഹിച്ചിരുന്ന തസ്തിക : റേഷനിംഗ് കൺട്രോളർ<br>നിയമനം നൽകിയ തസ്തിക : ലീഡ് ചെയ്ഞ്ച് മാനേജർ എൻഡ്-ടു-എൻഡ് കമ്പ്യൂട്ടറൈസേഷൻ<br>ശമ്പളം : 52,017/- രൂപ(പ്രതിമാസം) |
| (സി) | ഭക്ഷ്യ സുരക്ഷാ പദ്ധതി നടപ്പാക്കുന്നതിനായി എന്തെല്ലാം സംവിധാനങ്ങളാണ് പുതുതായി ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (സി) | ഭക്ഷ്യ സുരക്ഷാ പദ്ധതി നടപ്പിൽ വരുത്തുന്നതിന് മുന്നോടിയായി എൻഡ്-ടു-എൻഡ് കമ്പ്യൂട്ടറൈസേഷൻ നടപ്പാക്കി വരുന്നു. FCI മുതൽ ARD വരെയുള്ള മുഴുവൻ ഇടപാടുകളും പൂർണ്ണമായി കമ്പ്യൂട്ടറൈസ് ചെയ്യുന്ന പദ്ധതിയാണിത്. ഇതിന്റെ ഭാഗമായി റേഷൻ കടകളിലെല്ലാം ഡോർ ഡെലിവറി മുഖേന സാധനങ്ങൾ എത്തിക്കുന്നതിനും ഇലക്ട്രോണിക് പോയിൻറ് ഓഫ് സെയിൽ (ഇ-പോസ്) മെഷീനുകൾ സ്ഥാപിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. റേഷൻ കടകളിലെത്തുന്ന ഗുണഭോക്താക്കളെ തിരിച്ചറിയുന്നതിന് ആധാർ അല്ലെങ്കിൽ സ്മാർട്ട് കാർഡ് / ബാർകോഡ് പോലുള്ള ബദൽ മാർഗ്ഗങ്ങൾ ഉപയോഗിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഓരോ ഗുണഭോക്താവിനും റേഷൻ സാധനങ്ങൾ വിതരണം ചെയ്യുമ്പോൾ തന്നെ വിവരങ്ങൾ ഉദ്യോഗസ്ഥ തലത്തിലും പൊതുജനങ്ങൾക്കും ലഭ്യമാകത്തക്ക വിധം ട്രാൻസ്പാരൻസി പോർട്ടൽ സജ്ജമാകും. പൊതുജനങ്ങളുടെ പരാതികൾ സ്വീകരിക്കുന്നതിനും പരാതിയുടെ തൽസ്ഥിതി നിരീക്ഷിക്കുന്നതിനും പരാതിക്കാരനും |

| | | | |
|---|---|---|---|
| | | | ഉദ്യോഗസ്ഥർക്കും സാധിക്കുന്ന വിധം ഒരു സുതാര്യമായ പരാതി പരിഹാര സംവിധാനവും നിലവിൽ വരും. ഭക്ഷ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമായി മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങളോടൊപ്പം റേഷൻ കാർഡ് പുതുക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. |
| (ഡി) | ഇതിനായി ജീവനക്കാരെ പ്രത്യേകം നിയമിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പേരെ നിയമിച്ചുവെന്നും ഇതിൽ വകുപ്പിൽ നിന്നും വിരമിച്ച എത്ര പേരെ നിയമിച്ചുവെന്നും അറിയിക്കുമോ; എത്ര പേരെ നേരിട്ട് നിയമിച്ചു ; വ്യക്തമാക്കുമോ? | (ഡി) | ഭക്ഷ്യ സുരക്ഷാ പദ്ധതിയുടെ നടത്തിപ്പിനായി ജീവനക്കാരെ പ്രത്യേകം നിയമിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ